വർഷം	സ്റ്റേറ്റ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുക (രൂപ കോടിയിൽ)	വായ്പ
1996-97	546.49	81.05
1997-98	660.00	211.05
1998-99	635.00	124.65
1999-2000	665.00	11.05
2000-2001	663.00	25.00

(ഈ തുകകളൊന്നും ബോർഡിന് നൽകിയിട്ടില്ല.)

വൈദ്യുതി സബ്സിഡികൾ

60 (1212) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യത്തിനായി വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്രസർക്കാരിന്റെ സബ്സിഡിയും സംസ്ഥാന കൃഷി വകുപ്പിന്റെ സബ്സിഡിയും ഇനത്തിൽ വൈദ്യുതി വകുപ്പിന് കുടിശ്ശികയായി എന്തു തുക ലഭിക്കാനുണ്ട് ;

(സി) വയനാട് ജില്ലയിൽ കാർഷിക വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള മുഴുവൻ ഉപഭോക്താക്കൾക്കും അർഹമായ സബ്സിഡികൾ എല്ലാം ലഭ്യമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ ;

(ഡി) കാർഷികവൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള സുൽത്താൻ ബത്തേരി മേജർ സെക്ഷന്റെ കീഴിൽ വരുന്ന നെൽമേനി പഞ്ചായത്തിലെ താഴത്തൂർ-നൂലക്കുന്ന് നിവാസികളുടെ സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ കൈക്കൊണ്ടിട്ടുള്ള നടപടി എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ വർക്കിന് അർഹമായ കേന്ദ്ര സംസ്ഥാന സബ്സിഡി ലഭ്യമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) കൃഷിഭൂമിയുടെ വിസ്തൃതിക്ക് പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായും രണ്ട് ഹെക്ടറിൽ കവിയാത്ത മറ്റെല്ലാ കാർഷികവിളകൾക്കും വൈദ്യുതി സൗജന്യമായി നല്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡിക്കുള്ള വ്യവസ്ഥയില്ല. 31-12-2000 വരെയുള്ള കണക്കനുസരിച്ച് 15.5 കോടി രൂപ കൃഷിവകുപ്പിൽ നിന്നും ബോർഡിന് ലഭിക്കുവാനുണ്ട്.

(സി-ഇ) മുകളിൽ സൂചിപ്പിച്ച പ്രകാരം വയനാട് ജില്ലയിലുള്ള കർഷകർക്കും സൗജന്യമായി വൈദ്യുതി നല്കുന്നുണ്ട്.

പുതിയ സബ്സ്റ്റേഷനുകൾ

61 (1213) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മേയ് മാസം മുതൽ നാളിതുവരെ എത്ര പുതിയ വൈദ്യുതി സബ്സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്നതിന്റെ കപ്പാസിറ്റി തിരിച്ചും ജില്ല തിരിച്ചും കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പുതുതായി കമ്മീഷൻ ചെയ്യപ്പെട്ട എത്ര വൈദ്യുതി പദ്ധതികളുണ്ട് ; ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതി ഇക്കാലയളവിൽ കൂടുതലായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രതിവർഷ ശരാശരി ഉൽപാദനവും ശരാശരി ഉപഭോഗവും എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോന്നിലും പ്രതിവർഷ ശരാശരി വർദ്ധനവ് എത്ര ;

(എഫ്) പ്രസരണനഷ്ടം ഒഴിവാക്കുവാനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1996 മേയ് മാസം മുതൽ നാളിതുവരെ 44 സബ്സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

1.	220 കെ.വി. സബ്സ്റ്റേഷനുകൾ	-	5 എണ്ണം
	മലപ്പുറം	-	1 "
	എറണാകുളം	-	1 "
	കണ്ണൂർ	-	1 "
	പാലക്കാട്	-	1 "
	കാസർകോട്	-	1 "

LIBRARY ARCHIVES Kerala Legislative Assembly